"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം. ഡിഎ1/316/2022-തസ്വഭവ
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 30-12-2024

## സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - പതിനാലാം പഞ്ചവത്സര പദ്ധതി - വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾക്കുള്ള പരിശീലനം - ട്രാവലിംഗ് അലവൻസ് അനുവദിക്കുന്നത് - സംബന്ധിച്ച്.

സൂചന:-
1. സ.ഉ.(കൈ) നം.84/2022/തസ്വഭവ; തീയതി 19.04.2022
2. സ.ഉ.(കൈ) നം.86/2022/തസ്വഭവ; തീയതി 19.04.2022
3. 15.09.2022-ലെ ഡിഎ1/316/2022-തസ്വഭവ നമ്പർ സർക്കുലർ
4. കണ്ണൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 15.10.2022-ലെ എ5-3051/21 നമ്പർ കത്ത്.

**********************

പദ്ധതി ആസൂത്രണം, നിർവ്വഹണം, മോണിറ്ററിംഗ് എന്നിവയ്ക്കായി മാറ്റിവയ്ക്കുന്ന വിഹിതം ഉപയോഗിച്ച് വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ, ആസൂത്രണ സമിതി യോഗങ്ങൾ, പദ്ധതി പ്രവർത്തനവുമായി ബന്ധപ്പെട്ട മറ്റു യോഗങ്ങൾ എന്നിവയിൽ പങ്കെടുക്കുന്ന വർക്കിംഗ് ഗ്രൂപ്പിലെയും ആസൂത്രണ സമിതിയിലേയും അനൗദ്യോഗികാംഗങ്ങൾക്ക് യാത്രാബത്ത നൽകാൻ സൂചന 1,2 മാർഗ്ഗരേഖകൾ പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ഇതിനുള്ള നിരക്ക് സൂചന 3 സർക്കുലർ പ്രകാരം നിശ്ചയിച്ചു നൽകിയിട്ടുണ്ട്.

പദ്ധതി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പരിശീലന പരിപാടികൾക്കും മീറ്റിംഗുകൾക്കും ജില്ലയ്ക്ക് പുറത്തേക്ക് യാത്ര ചെയ്യേണ്ടി വരുന്ന സന്ദർഭങ്ങളിൽ മേൽ സർക്കുലർ പ്രകാരമുള്ള യാത്രാബത്തയാണോ അനുവദിക്കേണ്ടത് എന്നത് സംബന്ധിച്ച് കണ്ണൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറി സൂചന 4 പ്രകാരം സ്പഷ്ടീകരണം ആവശ്യപ്പെട്ടിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ മേൽ വിഷയത്തിൽ ചുവടെ പ്രകാരം സ്പഷ്ടീകരണം നൽകുന്നു.

- വർക്കിംഗ് ഗ്രൂപ്പ്, ആസൂത്രണ സമിതി എന്നിവയുടെ യോഗങ്ങൾ അതത് തദ്ദേശഭരണസ്ഥാപനങ്ങളിലാണ് നടക്കുന്നതെന്നതിനാൽ തദ്ദേശഭരണസ്ഥാപനത്തിന് പുറത്ത് യോഗങ്ങളിൽ പങ്കെടുക്കുന്നതിനായി വർക്കിംഗ് ഗ്രൂപ്പ് / ആസൂത്രണ സമിതി അംഗങ്ങൾക്ക് പോകേണ്ടി വരുന്നില്ല.
- ജില്ലയ്ക്ക് പുറത്തുള്ള പരിശീലന പരിപാടികളിൽ പങ്കെടുക്കുന്നതിന് അവയുടെ സംഘാടകർ യാത്രാപ്പടി നൽകിയിട്ടില്ലെങ്കിൽ, പ്രസ്തുത അംഗത്തെ പരിശീലനത്തിനായി അയച്ച

തദ്ദേശഭരണസ്ഥാപനത്തിന് പദ്ധതി ആസൂത്രണം, നിർവ്വഹണം, മോണിട്ടറിംഗ് എന്നിവയ്ക്കായി മാറ്റിവെയ്ക്കാവുന്ന വിഹിതത്തിൽ നിന്നും ട്രെയിൻയാത്രയ്ക്ക് III AC ട്രെയിൻ ചാർജ്ജും, ബസ്സ് യാത്രയ്ക്ക് സൂപ്പർ ഫാസ്റ്റ് ബസ്സ് ചാർജ്ജും നിരക്കിൽ (കുറഞ്ഞത് 750 രൂപ) യാത്രാപ്പടി നൽകാവുന്നതാണ്.

MANOJ T
ജോയിന്റ് സെക്രട്ടറി

പകർപ്പ്

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്മാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്മാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്മാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
7. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
9. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
10. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
11. എല്ലാ ജില്ലാ കളക്ടർമാർക്കും
12. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
13. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
14. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
15. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
16. ഡയറക്ടർ ജനറൽ, കില
17. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
18. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
19. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
20. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 30-12-2024 11:17:04

സെക്ഷൻ ഓഫീസർ.